# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/270/2017 2017 ഡിസംബർ 21

## പത്രക്കുറിപ്പ്

### എം ജി പഠന വകുപ്പുകളിൽ എം.ഫിൽ പ്രവേശനം

മഹാത്മാഗാന്ധി സർവ്വകലാശാല പഠന വകുപ്പുകളിൽ 2017-18 അക്കാദമിക വർഷത്തിൽ നടത്തുന്ന എം.ഫിൽ പ്രോഗ്രാമുകളിൽ പ്രവേശനത്തിന് ജനുവരി 15 വരെ അപേക്ഷിക്കാം. അപേക്ഷാ ഫീസ് 800 രൂപ (എസ് സി/എസ് റ്റി: 400 രൂപ) ഓൺലൈനായി അടയ്ക്കണം. അപേക്ഷാ ഫോമിനും വിശദ വിവരങ്ങൾക്കും www.mgu.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

### കൗൺസിലിംഗിൽ അഡ്വാൻസ്ഡ് സർട്ടിഫിക്കറ്റ് കോഴ്സ്

സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിസർച്ച് ഇൻ ലേണിംങ് ഡിസെബിലിറ്റീസിന്റെ ആഭിമുഖ്യത്തിൽ 10 ദിവസത്തെ അഡ്വാൻസ്ഡ് സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ കൗൺസിലിംഗ് ജനുവരി 1 മുതൽ ആരംഭിക്കും. താൽപര്യമുള്ള, കൗൺസിലിംഗ് രംഗത്ത് പ്രവർത്തിക്കുന്ന അപേക്ഷകർ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.
ഫോൺ: 996226638

### അനുശോചനം

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ഓഫീസ് അറ്റൻഡന്റ് ആയി സേവനം അനുഷ്ഠിച്ചിരുന്ന ബി. അജയകുമാറിന്റെ നിര്യാണത്തിൽ പ്രൊ-വൈസ് ചാൻസലർ പ്രൊഫസർ സാബു തോമസിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം അനുശോചനം രേഖപ്പെടുത്തി. സർവ്വകലാശാലാ ഭരണ വിഭാഗത്തിൽ നടന്ന ചടങ്ങിൽ രജിസ്ട്രാറുടെ ചുമതല വഹിക്കുന്ന ജോയിന്റ് രജിസ്ട്രാർ ബി. രാധാകൃഷ്ണ പിള്ള അനുശോചന പ്രമേയം അവതരിപ്പിച്ചു. ഫിനാൻസ് ഓഫീസർ എബ്രഹാം ജെ പുതുമന, സംഘടനാ പ്രതിനിധികളായ എ ബാബുരാജ് വാര്യർ, കെ എം ഷാജി, ജി പ്രകാശ്, പി കെ രമേഷ് കുമാർ എന്നിവർ ആദരാജ്ഞലികൾ അർപ്പിച്ച് സംസാരിച്ചു.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)